(ബി) ഇത്തരത്തിലുള്ള സംഘങ്ങളുടെ പ്രവർത്തനം കണ്ടെത്തുന്നതിനായി പ്രത്യേക പോലീസ് സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറോളം സംഘങ്ങളെ കണ്ടെത്തിയിട്ടുണ്ട്. 36 പേരെ ഇതുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തിട്ടുമുണ്ട്.

(ബി) ഉണ്ട്. ഇത്തരം സംഘങ്ങളുടെ പ്രവർത്തനം കണ്ടെത്തുന്നതിനായി ഒരു സ്പെഷ്യൽ ടീമിനെ സംസ്ഥാന പോലീസ് മേധാവി നിയോഗിച്ചിട്ടുണ്ട്. രഹസ്യ നിരീക്ഷണത്തിൽകൂടിയും, സൈബർ പോലീസിന്റെ സഹായത്തോടെയും ആണ് ടി സ്പെഷ്യൽ ടീം ഓൺലൈൻ പെൺവാണിഭ സംഘങ്ങളേയും സ്ത്രീകളെയും കുട്ടികളെയും കടത്തുന്ന സംഘങ്ങളേയും അറസ്റ്റ് ചെയ്തിട്ടുള്ളത്.

ബാർകോഴ

255 (265) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴയുമായി ബന്ധപ്പെട്ടപ്രശ്നത്തിൽ ആരോപണ വിധേയരായിട്ടുള്ള മന്ത്രിമാർ ആരൊക്കെയാണ് ; ആരോപണം ഉന്നയിച്ചവർ മജിസ്ട്രേറ്റ് മുമ്പാകെ നല്കിയ മൊഴികളിലും പരാതികളിലും വെളിപ്പെടുത്തലുകളിലുമായി ഏതെല്ലാം മന്ത്രിമാരാണ് കൈക്കൂലി ആവശ്യപ്പെട്ടതായും വാങ്ങിയിട്ടുള്ളതായും പ്രസ്താവിച്ചിട്ടുള്ളത് ; ബാർ ലൈസൻസ് ഫീ കുറക്കാൻ മന്ത്രി ശ്രീ കെ.ബാബു എത്ര കോടി കൈക്കൂലി വാങ്ങി എന്നായിരുന്ന ആക്ഷേപം ;

(ബി) എക്സൈസ് മന്ത്രിയ്ക്കെതിരെ, ലഭിച്ച എല്ലാ മൊഴികളും രേഖപ്പെടുത്തുകയും പ്രസ്താവനകളും ശബ്ദരേഖകളും ഉൾപ്പെടെ എല്ലാം കസ്റ്റഡിയിൽ എടുത്ത് അന്വേഷണ സംഘം പരിശോധിക്കുകയും ചെയ്തിട്ടുണ്ടോ ; ആരിൽ നിന്നെല്ലാം മൊഴികൾ എടുക്കുകയുണ്ടായി ; എന്തെല്ലാം രേഖകൾ പിടിച്ചെടുത്തു ; ശേഖരിച്ച തെളിവുകൾ എന്തെല്ലാം ; മൊഴികൾ പൂർണ്ണമായി രേഖപ്പെടുത്തുകയുണ്ടായില്ലെന്ന ആക്ഷേപത്തിൽ നിലപാട് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രാഥമികാന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തായിരുന്നു; അതേ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; റിപ്പോർട്ടിന്മേൽ ഡയറക്ടറുടെ അന്തിമ നിഗമനം എന്തായിരുന്നു ; ഇതിനു മുമ്പ് നിയമോപദേശം തേടുകയുണ്ടായോ ; എങ്കിൽ ആരിൽ നിന്ന് ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

(ഡി) ബാർ കോഴക്കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് വിജിലൻസിൽ ഇതിനകം ലഭിച്ച എല്ലാ തെളിവുകളുടെയും പുതിയ വെളിപ്പെടുത്തലുകളുടെയും അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ് ;

(ഇ) അന്വേഷണ ഘട്ടത്തിൽ ആരോപണ വിധേയരായ എല്ലാ മന്ത്രിമാരെയും തൽസ്ഥാനങ്ങളിൽനിന്ന് മാറ്റി നിർത്തിയിട്ടുണ്ടോ ; അന്വേഷണം നേരിടുന്ന ഏതെല്ലാം മന്ത്രിമാരാണിപ്പോൾ മന്ത്രിസഭയിൽ തുടരുന്നത് ?

ഉത്തരം

(എ) 2 പേർ.

1. ശ്രീ. കെ. എം. മാണി (മുൻ ധനകാര്യ മന്ത്രി)
2. ശ്രീ. കെ. ബാബു (എക്സൈസ് വകുപ്പുമന്ത്രി)

ശ്രീ. കെ. ബാബു 10 കോടി രൂപ കൈക്കൂലി വാങ്ങിയെന്നാണ് ആരോപണം.

(ബി) മൊഴികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ശബ്ദരേഖ ഫോറൻസിക് സയൻസ് ലബോറട്ടറി മുഖാന്തിരം പരിശോധിച്ചിട്ടുണ്ട്. അതിന്റെ പശ്ചാത്തലത്തിൽ ഡയറക്ടർ തീരുമാനമെടുത്തു. മൊഴികൾ രേഖപ്പെടുത്തിയ വ്യക്തികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.* അന്വേഷണ ഉദ്യോഗസ്ഥന് ലഭിച്ച എല്ലാ മൊഴികളും പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ട്. ശേഖരിച്ച രേഖകളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.* അന്വേഷണ ഉദ്യോഗസ്ഥൻ മൊഴികൾ രേഖപ്പെടുത്തിയ സമയങ്ങളിൽ പൂർണ്ണമായി മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ആരോപണ വിധേയനെതിരെ അഴിമതി നിരോധന നിയമപ്രകാരം പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാനുതകുന്ന മെറ്റീരിയൽസ് ലഭ്യമല്ല എന്നതാണ് കണ്ടെത്തൽ. അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളോട് യോജിച്ചുകൊണ്ട് തുടരന്വേഷണം ആവശ്യമില്ല എന്ന നിഗമനം വിജിലൻസ് ഡയറക്ടർ ശരിവച്ചു. ഇതിന് മുൻപ് നിയമോപദേശം തേടിയിട്ടില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രഥമദൃഷ്ട്യാ കേസ് രജിസ്റ്റർ ചെയ്യേണ്ട ആവശ്യത്തിലേക്ക് ഉതകുന്ന മെറ്റീരിയൽസ് ലഭിച്ചിട്ടില്ല.

(ഇ) ബാർകോഴയിൽ അന്വേഷണം നേരിടുന്ന മന്ത്രിമാർ ആരും ഇല്ല. മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരായി അന്വേഷണം നടന്നുവരുന്നു. ശ്രീ. കെ. ബാബുവിനെതിരെ പ്രാഥമിക അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്യാൻ വേണ്ട മെറ്റീരിയൽസ് ഇല്ലാത്തതിനാൽ തുടർ നടപടികൾ അവസാനിപ്പിച്ചിരിക്കുകയാണ്.

നാദാപുരം ബോംബ് സ്ഫോടനം

256 (266) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരത്ത് അഞ്ച് യൂത്ത് ലീഗ് പ്രവർത്തകർ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട കേസിന്റെ ഗൂഢാലോചന ദുബായിലാണ് നടന്നതെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ തുടരന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ബോംബ് നിർമ്മിച്ചവരുടെ ഉദ്ദ്യേശം എന്താണെന്ന് വ്യക്തമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് ദുബായിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) മരിച്ചവരെക്കൂടാതെ കേസിൽ പ്രതി ചേർക്കപ്പെട്ടവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദേശത്തും സ്വദേശത്തുമായി നടന്ന ഗൂഢാലോചന സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) മതസ്പർദ്ധ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ഒരു പ്രത്യേക മതവിഭാഗത്തിൽപെട്ടവർക്കെതിരെ ഉപയോഗിക്കുന്നതിനായാണ് ബോംബ് നിർമ്മിച്ചത് എന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(സി) ദുബായിൽ അന്വേഷണം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly